# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 654** **29/06/2015-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി) | |
| (എ) | പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം പ്ലാൻ ഇനത്തിലും നോൺ പ്ലാൻ ഇനത്തിലും എത്ര തുക വകയിരുത്തിയെന്നും ഇതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; | (എ) & (ബി) | പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 2014-15 സാംപത്തികവർഷം 61.21 കോടി രൂപ വകയിരുത്തിയിരുന്നു. ഇതിൽ 38.8 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾക്ക് 2014-15 സാംപത്തിക വർഷം നോൺ പ്ലാൻ ഇനത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല 2014-15 സാംപത്തിക വർഷത്തെ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പട്ടിക വർഗ്ഗവികസന വകുപ്പ് മുഖേന പദ്ധതികൾ നടപ്പിലാക്കുന്നതിനായി 33.71 കോടി രൂപ അനുവദിച്ചതിൽ 32.69 കോടി രൂപ ചെലവഴിച്ചു. പട്ടികവർഗ്ഗ വികസനവകുപ്പിന്റെ വിവിധ നിർമ്മാണ പ്രവർത്തികൾ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന് വകയിരുത്തിയിരുന്ന 27.50 കോടി രൂപയിൽ 6.12 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ആയതുകൊണ്ടാണ് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 സാംപത്തികവർഷം അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാതെ വന്നത്. |
| (ബി) | തുക പൂർണ്ണമായും ചെലവഴിക്കാൻ സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ